"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകപ്പ് - നഗരകാര്യം - ശ്രീ.ഫിറോസ് ഖാൻ.എ - മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III- പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2399/2024/LSGD തീയതി,തിരുവനന്തപുരം, 09-12-2024

---

പരാമർശം:-

1. സ.ഉ സാധാ)നം 3317/2016/തസ്വഭവ നമ്പർ തീയതി 5/12/2016
2. അക്കൗണ്ടന്റ് ജനറലിന്റെ 08.08.2024ലെ GEO7/C/MCF2/174 നമ്പർ കത്ത്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.09.2024 തീയതിയിലെ LSGD/PD/10364/2024-DEH2നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ.ഫിറോസ് ഖാൻ.എ-ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ നിയമനം ലഭിക്കുകയും ടിയാൻ 15.03.2017 പ്രാബല്യത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ടിയാന്റെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ പ്രൊബേഷൻ കാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് ടിയാൻ സമർപ്പിച്ചിരുന്ന അപേക്ഷയും, അനുബന്ധരേഖകളും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

2) ശ്രീ.ഫിറോസ് ഖാൻ.എ-നിരീക്ഷണ കാലയളവിൽ ആകസ്മികാവധി ഒഴികെയുള്ള അവധിയൊന്നും ഉപയോഗിച്ചിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. ടി കാലയളവിൽ ടിയാന്റെ ജോലിയും സ്വഭാവും തൃപ്തികരമായിരുന്നുവെന്നും ടിയാന്റെ പേരിൽ വിജിലൻസ് കേസുകളോ/ അച്ചടക്ക നടപടികളോ പ്രൊബേഷൻ കാലയളവിൽ ഉണ്ടായിട്ടില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൻ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ആവശ്യമായ വകുപ്പുതല പരീക്ഷകളിൽ യഥാസമയം യോഗ്യത നേടിയിരുന്നില്ല. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്നു വർഷക്കാലയളവിനുള്ളിൽ രണ്ടു വർഷത്തെ ഡ്യൂട്ടിയാണ്. 15.03.2017 തീയതിയിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ശ്രീ.ഫിറോസ് ഖാൻ.എ-യുടെ പ്രൊബേഷൻ കാലയളവ് 14.03.2019 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. ടിയാൻ ടെസ്റ്റ് യോഗ്യത നേടിയത് 25.04.2023 തീയതിയിലായതിനാൽ നിരീക്ഷണകാലം 25.04.2023 അപരാഹ്നത്തിൽ പൂർത്തീകരിച്ചതായും 26.04.2023 പൂർവാഹ്നം പ്രാബല്യത്തിൽ വന്നതായി പ്രഖ്യാപിക്കുവാനും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിനു മുൻപ് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയുടെ നിയമനാധികാരി സർക്കാരായിരുന്നു. ഏകീകരണത്തിന്റെ പ്രാബല്യത്തീയതിയായ 27.10.2022 നു ശേഷമാണ് ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ട തീയതി വരുന്നത്. ആയതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറാണ് ടി തസ്തികയുടെ നിയമനാധികാരി. മേൽ സാഹചര്യത്തിൽ ശ്രീ.ഫിറോസ് ഖാൻ.എ-യുടെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ പ്രൊബേഷൻ 26.04.2023 തിയതി

പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കവിധത്തിൽ, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസിലെ ജനറൽ റൂളിലെ ചട്ടം 21 പ്രകാരം ശ്രീ.ഫിറോസ് ഖാൻ. എ യുടെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ പ്രൊബേഷൻ കാലയളവ് 15.03.2019 മുതൽ 27.04.2023 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.ഫിറോസ് ഖാൻ. എ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്- III (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 09-12-2024 12:25:55
സെക്ഷൻ ഓഫീസർ